**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല - ഭിന്നശേഷിക്കാർക്ക് സഹായോപകരണ നിർണ്ണയ വിതരണ മെഡിക്കൽ ക്യാമ്പ് - തവനൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.623/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/03/2018

പരാമർശം:- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 20/02/2018 ലെ 71/ബി2/2018/വി.ക്ഷേ.കോ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കായി നടത്തി വരുന്ന സഹായോപകരണ നിർണ്ണയ വിതരണ മെഡിക്കൽ ക്യാമ്പുകളിൽ ഒന്ന് 2018 മാർച്ച് 3-ാം തീയതി നരിപ്പറമ്പ് താജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് തവനൂർ നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കായി നടത്തി വരുന്ന സഹായോപകരണ നിർണ്ണയ വിതരണ മെഡിക്കൽ ക്യാമ്പിനായി കാലടി, തവനൂർ, എടപ്പാൾ, വട്ടംകുളം, തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതം ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സിനി. ജെ. ഷുക്കൂർ

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.